സാഹിത്യവാരഫലം

1987/03/01 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1987/03/01-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

ഒരിക്കൽ ഒരു സാഹിത്യ നിരൂപകനുമായി പുസ്തകം വായിക്കുന്നതിനെക്കുറിച്ച് സംസാരിക്കുകയായിരുന്നു ഞാൻ. അദ്ദേഹം പുസ്തകങ്ങൾ വായിക്കുന്നതിൽ തല്പരനായിരുന്നു. എങ്കിലും ഗ്രന്ഥപാരായണം കൊണ്ടു വലിയ പ്രയോജനമില്ല എന്ന പക്ഷക്കാരനും. ‘ഗ്രന്ഥം വായിക്കുമ്പോൾ നമ്മൾ തനിയെ ചിന്തിക്കുന്നില്ല. ഗ്രന്ഥകാരൻ നമുക്കു വേണ്ടി ചിന്തിക്കുന്നു’ എന്ന് ഒരു തത്ത്വചിന്തകൻ പറഞ്ഞതാണോ അദ്ദേഹത്തിന്റെ അനാസ്ഥയ്ക്കു കാരണമെന്നു ഞാൻ ചോദിച്ചു. സാഹിത്യനിരൂപകൻ നിഷേധാർത്ഥത്തിൽ തലയാട്ടി. പിന്നെന്താണു ഹേതുവെന്നു ഞാൻ വീണ്ടും ചോദിച്ചു. അതുകേട്ട് അദ്ദേഹം മറുപടി നല്കി. “ലോകത്തുള്ള പുസ്തകങ്ങളെല്ലാം നമ്മൾ വായിച്ചുവെന്നു കരുതു. അതുകൊണ്ട് നമുക്ക് വിശേഷിച്ച് ഒരു സംസ്കാരവും ഉണ്ടാകാൻ പോകുന്നില്ല. കാലത്തു തൊട്ടു വൈകുന്നേരം വരെ വയലിൽ പണിയെടുത്തിട്ട് സന്ധ്യയ്ക്ക് കലപ്പയും തോളിലേന്തി കുടിലിലേക്കു നടക്കുന്ന ആ കർഷകത്തൊഴിലാളിയുണ്ടല്ലോ അവൻ ഒരു പുസ്തകവും വായിച്ചിട്ടില്ല. പക്ഷേ, അവന്റെ സംസ്കാരവിശേഷം ടോൾസ്റ്റോയിയുടെയും ദസ്തെയെവ്സ്കിയുടെയും നോവലുകൾ വായിച്ച ഏതു കോളേജ് പ്രൊഫസ്സറുടെ സംസ്കാരത്തെക്കാളും ഉത്കൃഷ്ടമാണ്. കൃഷ്ണൻ നായർ പുസ്തകങ്ങൾ വാങ്ങുന്നതും വായിച്ചു കൂട്ടുന്നതും ഞാൻ കണ്ടിട്ടുണ്ട്. അതുകൊണ്ടൊന്നും പ്രയോജനമില്ല. അതുപൊലെ വലിയ വില കൊടുത്തു ‘റ്റൈം’ വാരിക വാങ്ങുന്നതും ഞാൻ കണ്ടിട്ടുണ്ട്. It is a criminal waste.”



ടോൾസ്റ്റോയി

സാഹിത്യനിരൂപകൻ പറഞ്ഞതിൽ സത്യത്തിന്റെ ഒരംശം പോലുമില്ല. സങ്കീർണ്ണത നിറഞ്ഞതാണ് നമ്മുടെ ജീവിതം. ഈ സങ്കീർണ്ണതയിൽ നിന്നു സത്യം വേർതിരിച്ചെടുക്കാൻ നമുക്കു പ്രയാസമുണ്ട്. കലാകാരൻ ഈ സങ്കീർണ്ണതയെ ഏകരൂപമാക്കി, സത്യത്തെ സ്പഷ്ടമാക്കി നമ്മുടെ മുൻപിൽ വച്ചു തരുന്നു. സുവ്യക്തതയാർജ്ജിച്ച ആ സത്യദർശനം നമ്മുടെ ജീവിതത്തിന് മാർഗ്ഗം ചൂണ്ടിക്കാണിച്ചുതരും. ടോൾസ്റ്റോയിയുടെ “ഐവാൻ ഇലീച്ചിന്റെ മരണം” എന്ന ചെറിയ നോവൽ വായിക്കുന്നതിനു മുൻപ് മരണത്തെക്കുറിച്ചുള്ള നമ്മുടെ സങ്കല്പം ഒരു വിധത്തിൽ. കഥ വായിച്ചു കഴിഞ്ഞാലുള്ള സങ്കല്പം ജീവിതത്തിന്റെ നിഗൂഢതകളിലേക്കു വെളിച്ചം വീശും. ജീവിക്കേണ്ടതു് എങ്ങനെയാണെന്ന് അതു നമ്മെ ഗ്രഹിപ്പിക്കും. അതിനാൽ ഉത്കൃഷ്ടങ്ങളായ ഗ്രന്ഥങ്ങൾ എത്രത്തോളം വായിക്കാമോ അത്രത്തോളം വായിക്കുകയാണു വേണ്ടതു്.

മാറിയ ലയം

ജീവിതത്തിന്റെ ലയമെത്ര മാറിപ്പോയിരിക്കുന്നു ഇപ്പോൾ! എന്റെ കുട്ടിക്കാലത്തും യൗവന കാലത്തും ലയം ശാന്തമായിരുന്നു. ഇന്ന് അതു പ്രചണ്ഡമാണ്. മകൻ വരാന്തയിലിരിക്കുമ്പോൾ അച്ഛൻ വന്നു കയറിയാൽ അവൻ ഭക്തിയോടെ, ആദരത്തോടെ എഴുന്നേറ്റു മാറി നില്ക്കുമായിരുന്നു. ഇന്ന് അവൻ കസേരയിൽ നിന്ന് എഴുന്നേല്ക്കാതെ പുച്ഛച്ചിരിയോടെ ‘ഹലോ ഡാഡി വൈ ആർ യു സോ ലേറ്റ്?’ എന്നു ചോദിക്കുന്നു. പഴയ കാലത്തു മകൾ മാന്യമായ രീതിയിൽ വസ്ത്രധാരണം ചെയ്ത് വീട്ടിന്റെ ഒരു ഒഴിഞ്ഞ കോണിൽ വിനയത്തിന്റെ പ്രതിരൂപമായി ഇരിക്കുമായിരുന്നു. അച്ഛനോ ചേട്ടനോ ആ വഴിയെങ്ങാനും പോയാൽ അവൾ ചാടിയെഴുന്നേല്ക്കുമായിരുന്നു. ഇന്ന് അവൾ സൂച്യഗ്രസദൃശ്യമായ ബ്രാ ധരിച്ചു ചന്തി കഴിയുന്നിടത്തോളം പിറകോട്ടു തള്ളി അവരുടെയും മറ്റുള്ളവരുടെയും മുൻപിൽ ക്കൂടി നടക്കുന്നു. ചേട്ടനോട്, അച്ഛനോട് പണ്ട് അവൾ വിരളമായേ സംസാരിച്ചിരുന്നുള്ളു. ഇന്ന് ചേട്ടന്റെ (സഹോദരന്റെ) സ്കൂട്ടറിന്റെ പിറകിൽ കയറി അയാളുടെ വയറ്റിൽ പിടിച്ചുകൊണ്ട് ഇരിക്കുന്നു. തലമുടി പാറിച്ചും സാരി പറപ്പിച്ചും പറക്കുന്നു. ഇരട്ട മുണ്ടാണെങ്കിലും അതിനു വേണ്ടിടത്തോളം കട്ടിയില്ലെങ്കിൽ അന്നത്തെ യുവാക്കന്മാർ അത് ഉടുക്കുവാൻ വൈമനസ്യം കാണിച്ചിരുന്നു. ഇന്ന് അതല്ല സ്ഥിതി. ഇറുകിപ്പിടിച്ച പാന്റ്സ് ധരിച്ചാലും പോരാ. ജനനേന്ദ്രിയം അതിലൂടെ മുഴച്ചു കാണണം അവർക്ക്. ഇന്നത്തെപ്പോലെ നിരപരാധികളെ വെടിവച്ചു കൊല്ലലും അതിനു ശേഷമുള്ള നേതാക്കന്മാരുടെ അർത്ഥരഹിതങ്ങളായ പ്രസ്താവങ്ങളും അന്നില്ലായിരുന്നു. എന്തിനേറെപ്പറയുന്നു. സൗമ്യപദത്തിനു പകരം ക്രൂരപദമാണിപ്പോൾ, അഭ്യർത്ഥനയ്ക്കു പകരം ആജ്ഞയാണിപ്പോൾ. പുഞ്ചിരിക്കു പകരം അട്ടഹാസമാണിപ്പോൾ. അന്നു വാക്കുകൾ പൂക്കളെപ്പോലെ നമ്മെ സ്പർശിച്ചിരുന്നു. ഇന്ന് അവ കഠാരകളെപ്പോലെ പിളർക്കുന്നു. ജീവിതത്തിന്റെ ലയം ഇപ്പോൾ ക്രൂരമത്രേ, പ്രചണ്ഡമത്രേ. ഉന്മാദത്തിന്റേതായ ഈ കാലയളവിൽ ജീവിതത്തിന്റെ ശാന്തതയ്ക്കും മര്യാദയ്ക്കും പരമപ്രാധാന്യം കല്പിച്ചു ജീവിച്ച നല്ല മനുഷ്യനായിരുന്നു ചെങ്ങന്നൂർ ശങ്കരവാരിയർ. ഞാൻ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്ത മഹാവ്യക്തി. നല്ല കവിയും നല്ല പ്രഭാഷകനുമായിരുന്നു അദ്ദേഹം. ശങ്കരവാരിയരുടെ ‘മനുഷ്യൻ’ എന്ന കാവ്യം ഈ ആഴ്ചത്തെ കുങ്കുമം വാരികയിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഞാൻ മുകളിലെഴുതിയ ജീവിതലയത്തിന്റെ വന്യാവസ്ഥ തന്നെയാണ് അദ്ദേഹത്തിന്റെ കാവ്യത്തിലെ വിഷയം. ഇതു മനുഷ്യത്വത്തിന്റെ സുവിശേഷമാണ്. അത് ഭാവാത്മകമായി അദ്ദേഹം ആവിഷ്കരിക്കുന്നു.

> പഞ്ചഭൂതങ്ങളെ ദാസരായ്ത്തീർക്കവേ
> പഞ്ചേന്ദ്രിയങ്ങൾക്കു ദാസനായ്ത്തീർന്നു നീ
> സ്നേഹപ്രതിഷ്ഠയെ ഭഞ്ജനം ചെയ്തു നീ
> സംഹാരമൂർത്തിയെ വാഴിച്ചു കോവിലിൽ.
> യന്ത്രങ്ങൾ നിർമ്മിച്ചു നിർമ്മിച്ചു നീ സ്വയം
> ഭ്രാന്തമായ് പാഞ്ഞിടും യന്ത്രമായ്ത്തീർന്നുപോയ്
> ശബ്ദം പഠിച്ചു നീ സ്വായത്തമാക്കി, നി-
> ശ്ശബ്ദമാം ശാന്തിതൻ മന്ത്രം മറന്നുപോയ്
> ദൂരതീരങ്ങളിൽത്തേടി നീ പായുന്നു
> ചാരത്തിരിക്കുന്ന സത്യം ഗ്രഹിക്കുവാൻ.
> ബുദ്ധിപ്രഭാവാലധൃഷ്യനാം നീയിനു
> സിദ്ധികളെത്രയോ നേടിയമാനഷം!
> വന്നുനിറഞ്ഞുപോയ് നാനാവിഭൂതികൾ
> ഒന്നുമാത്രം ഹാ, മറന്നുപോയ് മാനുഷൻ!
> ആരു ഞാൻ? ആരു നീ? നേരാർക്കറിഞ്ഞിടാം?
> ആരാണു ഞാനിതിന്നത്തരം നല്ലവൻ?

ഇതു വായിക്കുമ്പോൾ ലോകത്തിന്റെ ദുരവസ്ഥ കണ്ട് എനിക്കു ദുഃഖം. കാവ്യത്തിന്റെ ആർജ്ജവം കണ്ടു ഹർഷാതിശയം. ചെങ്ങന്നൂർ ശങ്കര വാരിയർ നല്ല കവിയും നല്ല മനുഷ്യനുമല്ലെങ്കിൽ ‘നല്ല’ എന്ന വാക്കിന് അർത്ഥമില്ല.

വിപ്ലവാസക്തിയുള്ള വലിയ നേതാവ് നമ്മെ ചിലപ്പോൾ വഴി തെറ്റിച്ചേക്കും. ഒരു വിപ്ലവകാരിയുടെ കൈയിൽ അധികാരം കിട്ടിയിരുന്നെങ്കിൽ ഇന്ത്യയുടെ അവസ്ഥ ഇന്നത്തേതിൽ നിന്നു വിഭിന്നമാകുമായിരുന്നില്ലേ? പരീക്ഷണപരങ്ങളായ കാവ്യനിർമ്മിതികളിൽ ഏർപ്പെടുന്ന ആൾ സാഹിത്യത്തിനു ജീർണ്ണത വരുത്തുമെന്നതിന് ഇന്നു തെളിവുണ്ട്. പാരമ്പര്യത്തെ ലംഘിക്കാതെ മിതമായ സ്വരത്തിൽ പാടുന്നവർ നമ്മെ ക്ഷോഭത്തിലേക്കു വലിച്ചെറിയുകയില്ല. അവർ പ്രശാന്തത അരുളുകയേയുള്ളു. ആ കൃത്യമാണ് ഇ. ശ്രീരഞ്ജിനി അനുഷ്ഠിക്കുന്നത്. മനുഷ്യന്റെ അനന്തമായ കാത്തിരിപ്പിനെ ശിംശപയുടെ ചുവട്ടിലിരിക്കുന്ന സീതയുടെ കാത്തിരിപ്പായി ശ്രീമതി ചിത്രീകരിക്കുന്നു (ഗൃഹലക്ഷ്മി—ആത്മഗതം എന്ന കാവ്യം.) പാരമ്പര്യത്തോട് ഭക്തിയുള്ള ഏതു കവിയേയും ഞാൻ ആദരിക്കും. ആ ആദരമാണ് എനിക്കിവിടെയുള്ളത്.

കാർട്ടൂണിസ്റ്റ് ശങ്കർ തന്നെ പല ഹാസ്യ ചിത്രങ്ങളിലും വരച്ചിട്ടുണ്ട്. പി. കെ. മന്ത്രി എത്രയോ തവണ തന്നെ ചിത്രീകരിച്ചിരിക്കുന്നു. സ്പെയ്നിലെ ഗ്രീക്ക് ചിത്രകാരൻ എൽ ഗ്രക്കോ തന്റെ മുഖം ചെറ്റായി പല ചിത്രങ്ങളിലും വരച്ചു ചേർത്തിട്ടുണ്ട്. പ്രത്യക്ഷശരീരം ഇല്ലാതായാലും ഈ ലോകത്തു പരോക്ഷമായി ജീവിക്കാനുള്ള അഭിവാഞ്ഛയിൽ നിന്നാണ് ഈ ചിത്രീകരണ പ്രവണത ഉളവാകുന്നത്. കവികളും നോവലെഴുത്തുകാരും എന്തു ചെയ്യും? തങ്ങളുടെ കൃതികളിൽ അവരുണ്ട്. സൂക്ഷിച്ചു നോക്കു. ആ ചിത്രങ്ങൾ തെളിഞ്ഞു വരും. ‘ഇന്ദുലേഖ’യിൽ ചന്തുമേനോനും ‘ധർമ്മരാജാ’യിൽ സി. വി. രാമൻ പിള്ളയും ‘കയറി’ൽ തകഴി ശിവശങ്കരപിള്ളയും ഉണ്ട്. ‘ഗോപികാദണ്ഡക’ത്തിൽ അയ്യപ്പപ്പണിക്കരുണ്ട്. ‘കാളിയമർദ്ദന’ത്തിൽ സുഗതകുമാരിയും. അമ്പലപ്പുഴ ഗോപകുമാറിന്റെ ‘ശ്യാമകൃഷ്ണ’നിൽ (ജനയുഗം വാരിക) മനോഹരങ്ങളായ വരികളേയുള്ളു. ഗോപകുമാറില്ല. മാതൃഭൂമി ആഴ്ചപ്പതിപ്പിലും മറ്റും ശ്രീകൃഷ്ണനെക്കുറിച്ച് സുന്ദരങ്ങളായ ശ്ലോകങ്ങൾ എഴുതുന്ന ഒരു കവിയുണ്ടല്ലോ. അദ്ദേഹത്തിന്റെ പേരു ഞാൻ മറന്നു പോയി. ആ ശ്ലോകങ്ങൾക്ക് സൗന്ദര്യമുണ്ട്. പക്ഷേ, കവി അവയിലില്ല.



എൽ ഗ്രക്കോ

> “അറിയുമോ ഇങ്ങിളിയിടയനെ ആമ്പാടി
> മണിവർണ്ണനായ്പ്പണ്ടു യമുനാതടങ്ങളിൽ
> പീലിക്കുടച്ചുടി, ഓടക്കുഴലൂതി
> ആടിക്കളിച്ചൊട്ടുവിലാരോരുമറിയാതെ
> നവനീതമുണ്ണുവാൻ ഗോപവാടത്തിലേ-
> യ്ക്കോടിക്കടന്നൊരാക്കണ്ണനാമുണ്ണിയാ-
> മിടയനെ, ഈ ശ്യാമകൃഷ്ണനെയറിയുമോ...?”

എന്നു ഗോപകുമാർ ചോദിക്കുന്നു. അറിയും. ഭാഗവതത്തിൽ ഞങ്ങൾ അദ്ദേഹത്തെ കണ്ടിട്ടുണ്ട്. പക്ഷേ, കാവ്യമാകെ വായിച്ചു നോക്കിയിട്ടും കവിയെ അറിയുന്നില്ല.

ചോദ്യം, ഉത്തരം

ചോദ്യം: “മലയാളസാഹിത്യത്തിലെ അദ്വിതീയമായ ചെറുകഥയേത്?”

ഉത്തരം: “കാരൂർ നീലകണ്ഠപ്പിള്ളയുടെ ‘മരപ്പാവകൾ.’

ചോദ്യം: “നവീന നോവലുകളിൽ പ്രഥമസ്ഥാനം ഏതിന്?”

ഉത്തരം: ഒ. വി. വിജയന്റെ ‘ഖസാക്കിന്റെ ഇതിഹാസ’ത്തിന്.”

ചോദ്യം: “സ്നേഹത്തെ ആദ്ധ്യാത്മിക തലത്തിലേയ്ക്ക് ഉയർത്തി മരണത്തെ മധുരീകരിക്കുന്ന കാവ്യം?”

ഉത്തരം: കക്കാടിന്റെ ‘സഫലമീയാത്ര.’

ചോദ്യം: “ആന്തരലയത്തിന്റെ പ്രയോഗത്തിൽ അദ്വിതീയനായ കവി?”

ഉത്തരം: “ചങ്ങമ്പുഴ. എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ ഇവർക്കുപോലും ഇക്കാര്യത്തിൽ ചങ്ങമ്പുഴയെ സമീപിക്കാൻ ഒക്കുകയില്ല.”

ചോദ്യം: “അർത്ഥമില്ലാത്ത കോമളപദങ്ങൾ ചേർത്തുവച്ച് വായനക്കാരനെ മൂഢസ്വർഗ്ഗത്തിലെത്തിക്കുന്ന കാവ്യം?”

ഉത്തരം: “വയലാർ രാമവർമ്മ പി. കെ. വിക്രമൻ നായരുടെ മരണത്തെക്കുറിച്ചെഴുതിയ കാവ്യം. പേരു് ഓർമ്മയില്ല.”

ചോദ്യം: “പിന്നൊരു കാവ്യം?”

ഉത്തരം: “ബോധേശ്വരന്റെ ‘കേരളഗാനം.’”

ചോദ്യം: “സന്മാർഗ്ഗനിഷ്ഠയുള്ള മഹാകവി?”

ഉത്തരം: “ജി. ശങ്കരക്കുറുപ്പ്.”

ചോദ്യം: “നിങ്ങൾക്കു മാനസാന്തരം വരുത്തിയ ഗ്രന്ഥം?”

ഉത്തരം: “Gospel of Sree Rama Krishna.”

ചോദ്യം: “അതിസുന്ദരമായി മലയാളം എഴുതിയവർ?”

ഉത്തരം: “സി. വി. കുഞ്ഞുരാമൻ, ഇ. വി. കൃഷ്ണപിള്ള, എം. ആർ. നായർ, കുട്ടികൃഷ്ണ മാരാർ, ഡോക്ടർ കെ. ഭാസ്കരൻ നായർ.”

ചോദ്യം: “നിങ്ങളാര്?”

ഉത്തരം: “കലീൽ ജിബ്രാന്റെ വാക്കുകളിൽ മറുപടി പറയാം. അദ്ഭുതാവഹമായ ഈ തടാകത്തിലേക്ക് ഈശ്വരൻ എറിഞ്ഞ ഒരു കല്ല്. വീണുകഴിഞ്ഞപ്പോൾ തരംഗങ്ങൾകൊണ്ട് ഞാൻ അതിന്റെ ഉപരിതലത്തിൽ കലക്കമുണ്ടാക്കി. അഗാധതയിലൂടെ അടിത്തട്ടിലെത്തിയപ്പോൾ ഞാൻ നിശ്ചലനായി.”

അരുത്

തിരുവനന്തപുരത്തു വരുമ്പോൾ:

1. മീറ്റിംഗിനു വിളിക്കാൻ വരുന്നവരെ കണ്ടാൽ ഒഴിഞ്ഞുപോയ്ക്കോളൂ. ഇല്ലെങ്കിൽ അവർ കാറിൽ കയറ്റിക്കൊണ്ടുപോയി പ്രസംഗിപ്പിച്ചിട്ട് പച്ചവെള്ളംപോലും തരാതെ തിരിച്ചയയ്ക്കും.
2. ടെലിവിഷൻ സെറ്റ് ഇവിടെനിന്നു നന്നാക്കാമെന്നു വിചാരിക്കരുത്. കേടുപാടുകളില്ലെങ്കിലും ടെക്നീഷ്യൻ സെറ്റ് ഒന്നു തൊട്ടാൽ അമ്പതു രൂപ കൊടുക്കണം.
3. ഓട്ടോറിക്ഷയിൽ കഴിയുമെങ്കിൽ കയറാതിരിക്കുക. യാത്ര കഴിഞ്ഞു കഴുത്തു നീട്ടി കൊടുക്കണമെന്നതു നിസ്സാരം. തല മാത്രമല്ലേ പോകുകയുള്ളു. അതല്ല കാര്യം. വാഹനം അതിവേഗത്തിൽ ഓടിച്ചു നിങ്ങളെ ന്യൂറോട്ടിക്കാക്കിക്കളയും.
4. കവിയെ കാണരുത്. നിരൂപകൻ യൂസ്‌ലെസ്സ് ആണെന്ന് അയാൾ പറയും. നിരൂപകനെ കാണരുത്. മറ്റൊരു നിരൂപകൻ ഗോസിപ്പുകാരനാണെന്ന് അയാൾ പറയും.
5. കാലത്തു സെക്രട്ടേറിയറ്റിന്റെ നടയിൽ ചെല്ലരുത്. ചെന്നാൽ മുഖ്യമന്ത്രിയുടെ മുൻപിൽച്ചെന്നു സാഹിത്യകാരന്മാർ ‘ഞാൻ കോൺഗ്രസ് ഐ ആണേ’ എന്നു പറയുന്നതു കേൾക്കേണ്ടതായി വരും. അവിടെ നട്ടെല്ലു വളച്ചു നിന്നിട്ട് റോഡിലൂടെ അതു വടിപോലെയാക്കി നടക്കുന്ന കാഴ്ച കാണേണ്ടതായിവരും.
6. വാരികകൾ വാങ്ങുന്നതു കൊള്ളാം. പക്ഷേ, ഉണ്ണിവാരിയത്തിന്റെ കഥയുണ്ടോ എന്നു നോക്കി—ഒളികണ്ണിട്ടു നോക്കി—വേണം ഓരോ വാരികയും ഉറക്കാൻ. (മനോരാജ്യം വാരികയിൽ ‘അമ്മയുടെ സ്ഥാനം’ എന്ന കഥ വായിച്ചുപോയതു കൊണ്ടാണ് എന്റെ ഈ നിർദ്ദേശം.)

ഇ. എം. എസ്സും നാലപ്പാടനും

നാലപ്പാട്ടു നാരായണമേനോന്റെ കണ്ണുനീർത്തുള്ളി മൗലികമായ കൃതിയല്ല. ആശയാവിഷ്കാരത്തിലും തത്ത്വചിന്താപ്രതിപാദനത്തിലും അത് ടെനിസന്റെ In Memoriam എന്ന കാവ്യത്തെ അനുകരിക്കുന്നു. പ്രകൃതിയുടെ സൃഷ്ടി, സംഹാരം ഇവയെ സൂചിപ്പിച്ചുകൊണ്ടു ടെനിസൺ കാവ്യം ആരംഭിക്കുന്നു:

> “...
> Thou madest life in man and brute
> Thou madest death; and lo, thy foot
> is on the skull which thou hast made

ഈ ആശയംതന്നെയാണ് കണ്ണുനീർത്തുള്ളിയിലെ ആദ്യത്തെ ശ്ലോകങ്ങളിലും ഉള്ളതു്.

> ഞാനിങ്ങു ചിന്താശകലങ്ങൾ കണ്ണു
> നീരിൽപ്പിടിപ്പിച്ചൊരു കോട്ടകെട്ടി;
> അടിച്ചുടച്ചാൻ ഞൊടികൊണ്ടതാരോ
> പ്രപഞ്ചമേ നീയിതുതന്നെയെന്നും.
> കടൽപ്പുറത്തെപ്പൊടിമണ്ണടിച്ചു
> കൂട്ടുന്നു; തട്ടിക്കളയുന്നിതൊപ്പം
> സനാതനം മാരുതനീശ്വരന്റെ
> സർഗ്ഗക്രമം കണ്ടു കരിക്കയാമോ

ഇൻ മെമ്മോറിയത്തിലെ രണ്ടു വരികൾ:

> That men may rise on stepping-stones
> of their dead selves to higher things

ഇതിന്റെ തർജ്ജമയാണ് കണ്ണുനീർത്തുള്ളിയിലെ താഴെച്ചേർക്കുന്ന വരികൾ:

> നരൻ ക്രമാൽത്തന്റെ ശവം ചവുട്ടി
> പ്പോകുന്നൊരിപ്പോക്കുയരത്തിലേക്കോ?

പ്രേമഭാജനം ജീവിച്ചിരുന്നപ്പോൾ ലോകം മുഴുവൻ അവളിലേക്കു സംക്രമിച്ചു. അവൾ ഇല്ലാതെയായപ്പോൾ ലോകം ആകെ പ്രേമഭാജനമായി പരിണമിച്ചു എന്നു നാലപ്പാടൻ പറയുന്നതും സ്വന്തമായിട്ടല്ല. അതും ടെനിസന്റേതാണ്: And mingle all the world with thee എന്ന കവിവചനം നോക്കുക. ‘കണ്ണുനീർത്തുള്ളി’യിൽ നാലപ്പാടന്റേതായി ഒന്നുമില്ല. ഉള്ളത് കഠിനപ്രയത്നം ചെയ്തുണ്ടാക്കിയ ഡിക്ഷൻ മാത്രം.

നാലപ്പാടന്റെ ‘രതിസാമ്രാജ്യ’വും മൗലിക കൃതിയല്ല. ഹാവ്‌ലക് എലിസിന്റെ ‘സൈക്കോളജി ഓഫ് സെക്സ്’ എന്ന ഗ്രന്ഥത്തിലെ ആശയങ്ങളാണ് അതിലുള്ളത്. ‘ആർഷജ്ഞാനം’ ‘ഡിറൈവ്’ ചെയ്തതും ശേഷിച്ച ഗ്രന്ഥങ്ങളിൽ പലതും തർജ്ജമകൾ. ഭാഷാന്തരീകരണത്തിനുള്ള ഈ പ്രവണതയാണ് മൗലിക കൃതിയായി കൊണ്ടാടപ്പെടുന്ന ‘കണ്ണുനീർത്തുള്ളി’യിൽ നമ്മൾ ദർശിച്ചത്. പരകീയതയിൽ മാത്രം അഭിരമിച്ച ഈ കവിയെ മഹാകവികളായ ആശാൻ, വള്ളത്തോൾ, ഉള്ളൂർ ഇവർക്കു സമശീർഷനായി കരുതണമെന്ന ഡോക്ടർ എം. ലീലാവതി പറഞ്ഞുപോലും. അവർ എന്തു തന്നെ പറയുകയില്ല! ധിഷണാശാലിയായ ഇ. എം. എസ്സ്., നാലപ്പാടന്റെ ‘വാമനത്വം’ മനസ്സിലാക്കിയിട്ടുണ്ട്. അതിനു തെളിവാണ് അദ്ദേഹം മാതൃഭൂമിയിലെഴുതിയ “നാലപ്പാട്: കവിയും ചിന്തകനും” എന്ന ലേഖനം. യൂഗോയുടെ നോവൽ തർജ്ജമ ചെയ്ത നാലപ്പാടനെ അദ്ദേഹം ബഹുമാനിക്കുന്നു. ആ ബഹുമാനത്തോടുകൂടിത്തന്നെ നാലപ്പാടിനു “മലയാള സാഹിത്യത്തിലുള്ള സ്ഥാനം” ഉയർന്നതല്ലെന്ന് അദ്ദേഹം പറയുകയും ചെയ്യുന്നു. ലീലാവതിയും അവരെപ്പോലുള്ളവരും വിവരക്കേടു കാണിക്കുമ്പോൾ ഇ. എം. എസ്. സത്യത്തിന്റെ നാദമുയർത്തുന്നു. അത് എത്ര ആശ്വാസപ്രദം!

കണ്ടിട്ടുപോകൂ

ഞാൻ ഹെമിങ്‌വെയുടെ ജീവചരിത്രം വായിച്ചുകൊണ്ടിരിക്കുകയാണ്. കാളപ്പോര് അദ്ദേഹത്തിന് ഇഷ്ടമായിരുന്നല്ലോ. അതുകൊണ്ട് അതിനോടു ബന്ധപ്പെട്ട ഇമേജറിയാണ് എന്റെ മനസ്സിൽ വരുന്നത്. നമ്മുടെ പല കഥാകാരന്മാർക്കും ഭാഷ കാളയാണ്. ഒന്നു ചുവന്ന തുണി കാണിച്ച് അതിനെ ദേഷ്യപ്പെടുത്തുന്നു. കാള ചാടി വരുമ്പോൾ തട്ടത്തും ആക്രമിച്ചും പരാക്രമങ്ങൾ കാണിക്കുന്നു. ആ ചാട്ടങ്ങൾക്കും ഒഴിഞ്ഞുമാറലുകൾക്കും ഭംഗിയില്ലാതില്ല. പക്ഷേ, കാളയുടെ കുത്തേറ്റ് എപ്പോഴും മലർന്നുവീഴുന്ന കഥാകാരൻ. യഥാർത്ഥമായ കാളപ്പോരിൽ ആക്രമിക്കുന്നവൻ ജയിക്കും പലപ്പോഴും. ഭാഷയാകുന്ന കാളയോടു മത്സരിക്കുന്ന കഥാകാരനാകുന്ന പോരുകാരൻ എപ്പോഴും മലർന്നുവീഴുകയേയുള്ളു. കൊമ്പുകൊണ്ട് ഉദരം പിളരുകയും ചെയ്യും.

അഷ്ടമൂർത്തി

കഥാകാരനായ അഷ്ടമൂർത്തി ഒരിക്കലും മാറ്റഡോറായി പ്രത്യക്ഷനായിട്ടില്ല. അദ്ദേഹം കലാസൗന്ദര്യമാകുന്ന പച്ചക്കിളിയെ കരതലങ്ങളിൽ വച്ചിരിക്കുകയാണ്. അവിടിരുന്നു ആ കിളി ചിറകിട്ടടിക്കുന്നു. അതിനെ വിട്ടുകളയരുതേയെന്ന് നമ്മൾ അദ്ദേഹത്തോടു അഭ്യർത്ഥിക്കുന്നു. അഷ്ടമൂർത്തി മാതൃഭൂമി ആഴ്ചപ്പതിപ്പിലെഴുതിയ ‘അലസതാവിരചിതം’ എന്ന ചെറുകഥ വായിച്ചാലും. പേറുകഴിഞ്ഞ ഒരു പൂച്ചയ്ക്കും പെറാൻ തയ്യാറായി ഇരിക്കുന്ന ഒരു ചെറുപ്പക്കാരിക്കും തമ്മിലുള്ള ബന്ധത്തെ ആകർഷകമായി ചിത്രീകരിക്കുന്ന ആ കഥയ്ക്ക് എന്തെന്നില്ലാത്ത ആർദ്രീകരണശക്തിയുണ്ട്. അദ്ദേഹം കുഞ്ഞുങ്ങൾ നഷ്ടപ്പെട്ട ആ പൂച്ചയുടെ കഥ പറയുമ്പോൾ, അതിനു വീട്ടിലുള്ളവരോടുള്ള ബന്ധം ആവിഷ്കരിക്കുമ്പോൾ നിത്യജീവിതത്തിൽ പൂച്ചയെ വെറുക്കുന്ന ഞാൻ കഥയിലെ പൂച്ചയോട് സ്നേഹമുള്ളവനായിത്തീരുന്നു. കലയുടെ ശക്തി. ഇങ്ങനെയാണ് കലാകാരൻ ജീവിത സത്യത്തെ വ്യാഖ്യാനിച്ച് സ്പഷ്ടമാക്കി വായനക്കാരനെ മാനസികോന്നമനത്തിലേക്കു നയിക്കുന്നത്. ഒരു നാട്യവുമില്ലാത്ത ആഖ്യാനം. എന്റെ ലേഖനം വായിച്ചു മുഷിഞ്ഞോ വായനക്കാർ? എങ്കിൽ വരു ആ കിളി കരതലങ്ങളിലിരുന്നു സ്പന്ദിക്കുന്നതു കണ്ടിട്ടുപോകൂ.

മാർജ്ജനശാലാ സാഹിത്യം

സ്വദേശാഭിമാനി രാമകൃഷ്ണപിള്ള സി. വി. രാമൻപിള്ളയുടെ ‘ധർമ്മരാജാ’ എന്ന നോവലിനെക്കുറിച്ച് പറഞ്ഞതു ശരിയല്ലല്ലോ എന്നു കരുതി വേദനിക്കുന്നതിൽ അർത്ഥമില്ല. ഡോക്ടർ കെ. ഭാസ്കരൻ നായർ “ദൈവനീതിക്കു ദാക്ഷിണ്യമില്ല” എന്ന ഗ്രന്ഥത്തിലൂടെ ‘ധർമ്മരാജാ’യെ വാഴ്ത്തിയതിൽ അത്യുക്തിയുണ്ടെന്നു പറയുന്നതിലും അർത്ഥമില്ല. രണ്ടുപേരും രണ്ടുവിധത്തിൽ സി. വി. യുടെ ആഖ്യായികയെ സമീപിച്ചു. അതു ശരിയാവട്ടെ, തെറ്റാവട്ടെ. ‘ധർമ്മരാജാ’യ്ക്ക് അതിനു അർഹതയുണ്ട് എന്നതാണ് പ്രധാനപ്പെട്ട കാര്യം. ഒരാളെ മറ്റൊരാൾ വാഴ്ത്തുകയോ താഴ്ത്തുകയോ ചെയ്യുമ്പോൾ ആ ‘ഒരാളി’ന്റ പ്രാധാന്യം കൈവരികയാണ്. നിരൂപകൻ നിരൂപണം ചെയ്യുന്തോറും വിമർശിക്കുന്തോറും സാഹിത്യകൃതിയുടെ പ്രാധാന്യം കൂടിക്കൂടി വരുന്നു. എന്നു നിരൂപകൻ കമാന്നാശാനെക്കുറിച്ച് മൗനം അവലംബിക്കുന്നുവോ അന്ന് അദ്ദേഹം സാഹിത്യത്തിന്റെ മണ്ഡലത്തിൽനിന്ന് നിഷ്കാസിതനായി എന്നു കരുതിക്കൊള്ളണം. എന്നാൽ എല്ലാക്കൃതികളെക്കുറിച്ചും ഇങ്ങനെ നിരൂപണമെഴുതാനോ വിമർശനമെഴുതാനോ സാധിക്കില്ല. സാഹിത്യകൃതി പൊള്ളയാണെങ്കിൽ, അതു വെറും ജേണലിസമാണെങ്കിൽ അവഗണിക്കുകയേ തരമുള്ളു. ആ രീതിയിൽ അവഗണിക്കപ്പെടേണ്ട ഒരു ചെറുകഥയാണ് പാങ്ങിൽ ഭാസ്കരന്റെ “ഒരു മനുഷ്യൻ” (ദേശാഭിമാനി വാരിക.) ഓഫീസ് ശിപായിയുടെ ജീവിതം പ്രതിപാദിക്കുകയാണ് കഥാകാരൻ. അധഃസ്ഥിതരുടെ ജീവിതം ചിത്രീകരിച്ച് അവരോടുള്ള സഹതാപത്തിന്റെ നീർച്ചാല് ഒഴുക്കാനുള്ള യത്നം ആദരണീയംതന്നെ. എന്നാൽ അതിനുവേണ്ടി സകല അലവലാതി വസ്തുതകളും എടുത്തങ്ങു വിളമ്പുകയാണോ വേണ്ടതു്? ശിപായിയുടെ ജീവിതത്തിൽ നിന്ന് തിരഞ്ഞെടുപ്പു നടത്തി അത്യന്താപേക്ഷിതമായവയെ മാത്രം ആലേഖനം ചെയ്യുകയാണ് വേണ്ടതു്. ആ കലാവിദ്യയിൽ പാങ്ങിൽ ഭാസ്കരൻ അനഭിജ്ഞനാണ്. കൊച്ചുകുട്ടൻ എന്ന ശിപായിയുടെ ഷർട്ടിന്റെ രണ്ടു കീശകൾ തൊട്ട് എല്ലാം ഇവിടെ വർണ്ണിക്കപ്പെടുന്നു. അങ്ങനെ ദേശാഭിമാനിയുടെ പല പുറങ്ങൾ മെനക്കെടുത്തിയിട്ട് അദ്ദേഹം മനസ്സില്ലാമനസ്സോടെ പേന താഴെവയ്ക്കുന്നു. ദഹനം ശരിയാകാത്ത മേലുദ്യോഗസ്ഥൻ തിടുക്കത്തിൽ കക്കൂസിൽ പോകുന്നതുവരെ കഥാകാരൻ വർണ്ണിക്കുന്നുണ്ട്. ഭാഗ്യംകൊണ്ടു ശൗചകർമ്മം വർണ്ണിച്ചില്ലല്ലോ എന്ന വിചാരിക്കുന്നുണ്ടാവാം ചിലരെങ്കിലും. ആ ഭാഗ്യമില്ല വായനക്കാരന്. ശൗചത്തിനു വേണ്ട വെള്ളം ‘ചാരേല്’ ഇല്ല എന്ന് അസന്ദിഗ്ദ്ധമായിത്തന്നെ പ്രസ്താവിക്കുന്നു. ദേശാഭിമാനി വാരികയ്ക്കു പാങ്ങിൽ ഭാസ്കരന്റെ ഈ കഥയില്ലാതെ മുന്നോട്ടുപോകാം. പാങ്ങിൽ ഭാസ്കരനു ദേശാഭിമാനി വാരികയില്ലാതെ ജീവിക്കാൻ പ്രയാസമായിരിക്കും.

ഹെമിങ്‌വെ

ഓർമ്മകൾ

1. കൊല്ലത്തുനിന്ന് ഞങ്ങൾ പി. കേശവദേവ്, കെ. ബാലകൃഷ്ണൻ, ഞാൻ—തിരുവനന്തപുരത്തേക്കു വരികയാണ്. മദ്യനിരോധനം ഉള്ള കാലം. പാരിപ്പള്ളിയിൽ കാറുനിന്നു. എക്സൈസുകാർ പരിശോധിക്കാനെത്തി. മുൻ സീറ്റിലിരുന്ന ഞാൻ അവരോടു പറഞ്ഞു: “പിറകിലിരിക്കുന്നതു കെ. ബാലകൃഷ്ണനാണ്. കൗമുദി പത്രാധിപർ.” എക്സൈസുകാർ വിനയസമ്പന്നരായി പോകാം എന്ന് അറിയിച്ചു. അല്ലെങ്കിൽ അവർ ഓരോയിഞ്ചും പരിശോധിക്കും. കാറി നീങ്ങിയതേയുള്ളു. കേശവദേവ് കൊല്ലത്തെ സേവിയേഴ്സിൽ നിന്നു വാങ്ങിച്ച ഒരു കുപ്പി വിസ്കിയെടുത്ത് പുറത്തേക്കു വീശിക്കൊണ്ട് ‘കണ്ടോടാ ഞങ്ങൾ കൊണ്ടുപോകുന്നത്’ എന്ന് ഉറക്കെപ്പറഞ്ഞു. വിസിൽ, വീണ്ടും വിസിൽ. വിസിലോടു വിസിൽ. ഞങ്ങളുടെ കാറ് വേഗം കൂട്ടി. ജീപ്പ് ഇല്ലാത്തതുകൊണ്ടാവണം എക്സൈസുകാർ പിറകെ വന്നില്ല. കാറിന്റെ നമ്പർ കുറിച്ചെടുക്കാനും അവർക്കു കഴിഞ്ഞിരിക്കില്ല. നല്ല ഇരുട്ടായിരുന്നു അപ്പോൾ.
2. കൊച്ചി സർവകലാശാലയിലെ ഹിന്ദി ഡിപ്പാർട്ടുമെന്റിൽ പ്രഭാഷണത്തിനു പോയിട്ട് എറണാകുളത്തേക്കു തിരിച്ചു വരികയായിരുന്നു ഞാൻ. ഇടപ്പള്ളിയിലെത്തിയപ്പോൾ ചങ്ങമ്പുഴയുടെ വീട്ടിൽ കയറിയാലെന്തെന്നു വിചാരം. കയറി. കവിയുടെ സഹധർമ്മിണി മുറ്റത്തെ വാഴയ്ക്കു വെള്ളമൊഴിക്കുകയായിരുന്നു. ഞാൻ എന്റെ പേരു പറഞ്ഞു. “സാഹിത്യവാരഫലം എഴുതുന്ന ആളാണോ?” എന്നു ചോദ്യം. ‘അതേ’, “വരൂ അകത്തു കയറിയിരിക്കൂ.” ഞാൻ ഇരുന്നു. ഒരു തൂണിൽ ചങ്ങമ്പുഴയുടെ വലിയ പടം. അതു നോക്കി ഞാൻ പറഞ്ഞു: “മഹാനായ കവിയാണ്. എനിക്കു നേരിട്ടറിയാമായിരുന്നു.” ശ്രീദേവി ചങ്ങമ്പുഴ “എന്തു ചെയ്യാം?” എന്നു പറഞ്ഞിട്ടു തേങ്ങിക്കരഞ്ഞു. മുപ്പത്തിരണ്ടു വർഷം കഴിഞ്ഞിട്ടും ഒട്ടും കുറയാത്ത ദുഃഖം. അഭിജാതയാണ് ശ്രീദേവി ചങ്ങമ്പുഴ.
3. ചെങ്കോട്ടയിൽ നിന്നു തിരുവനന്തപുരത്തേക്കു തീവണ്ടിയിൽ വരികയായിരുന്നു ഞാൻ. അശ്ലീല കഥകൾ അടങ്ങിയ ഒരു പുസ്തകം—സാർത്രിന്റെ ഇന്റിമസി—കുറെ പുറങ്ങൾ വായിച്ചിട്ട് ഞാൻ താഴെ വച്ചു. ആ പുസ്തകം ആർത്തിയോടെ നോക്കിക്കൊണ്ടിരുന്ന ഒരു ചെറുപ്പക്കാരി ‘ഒന്നു നോക്കട്ടെ’ എന്നു പറഞ്ഞ് അതു കൈയിലെടുത്തു. വായനയും തുടങ്ങി. കണ്ണുകൾ തിളങ്ങുന്നു, ചുണ്ടിൽ പുഞ്ചിരി പരക്കുന്നു. വായന തന്നെ വായന. തമ്പാനൂരെത്തിയപ്പോൾ വായിച്ചു തീർക്കാത്ത പുസ്തകം തിരിച്ചു നീട്ടി എന്റെ നേർക്ക്. ‘വേണ്ട കൊണ്ടു പൊയ്ക്കോളൂ’ എന്നു ഞാൻ. ‘അയ്യോ വേണ്ട’ എന്നു യുവതി. “എനിക്കു വായിക്കണമെന്നില്ല. എടുത്തു കൊള്ളൂ” എന്നു പറഞ്ഞിട്ടു മറുപടി ഉണ്ടാകുന്നതിനു മുൻപ് ഞാൻ പ്ലാറ്റ്ഫോമിലേക്ക് ഇറങ്ങി. തെല്ലുദൂരം നടന്നിട്ടു ഞാൻ തിരിഞ്ഞു നോക്കിയപ്പോൾ ചെറുപ്പക്കാരി ആഹ്ലാദവിവശയായി പുസ്തകത്തിന്റെ പുറം ചട്ട നോക്കിക്കൊണ്ടു നില്ക്കുന്നതു കണ്ടു. അശ്ലീലം ആണുങ്ങളെക്കാൾ ഇഷ്ടപ്പെടുന്നത് പെണ്ണുങ്ങളാണ്. എന്റെ വായനക്കാരികൾ പ്രതിഷേധിക്കരുതേ.

എ. രാമചന്ദ്രൻ

ഒരു ദിവസം തിരുവനന്തപുരത്തെ ഇൻഡ്യൻ കോഫി ഹൗസിലേക്കു ഞാൻ ചെന്നപ്പോൾ എം. കെ. കമാരനും ചിത്രകാരൻ എ. രാമചന്ദ്രനും ഇവിടെ ഇരിക്കുന്നു. കൂടെ രണ്ടു മൂന്നുപേരുമുണ്ട്. കുമാരൻ, രാമചന്ദ്രൻ വരച്ച മയിലിന്റെ ചിത്രമെടുത്തു നിവർത്തി ആസ്വദിക്കുകയായിരുന്നു. നിസ്തുലമായ കലാശില്പമാണ് അതെന്ന് എനിക്കു തോന്നി. ഈ സംഭവത്തിനുശേഷം ഞാൻ രാമചന്ദ്രന്റെ അച്ഛൻ അച്യുതൻ നായരെ കാണാൻ കളത്തുരേക്കു പോയി. അപ്പോൾ രാമചന്ദ്രന്റെ അമ്മ പരാതി പറഞ്ഞു: “ഇവൻ ചുവരാകെ പടംവരച്ചു വൃത്തികേടാക്കിയിരിക്കുന്നു.” ഞാൻ നോക്കി. അസാധാരണമായ പ്രാഗൽഭ്യം വിളിച്ചോതുന്ന ചിത്രമാണ് ഓരോന്നും. ‘അമ്മേ, ഭവതി ധന്യയാണ്’ എന്നു ഞാൻ മനസ്സിൽ പറഞ്ഞു. രാമചന്ദ്രന്റെ സഹോദരൻ സുകുമാരൻ നായരെയും (ഇപ്പോഴത്തെ പ്രോവൈസ് ചാൻസലർ) കാണാനാണ് ഞാൻ പോയതു്. എന്നെ അത്രകണ്ടു ഇഷ്ടപ്പെടാത്ത രാമചന്ദ്രൻ വീട്ടിൽ നിന്നിറങ്ങിപ്പോയി. എങ്കിലും കലാകാരനായ രാമചന്ദ്രനെ ഞാൻ വെറുത്തില്ല. ബഹുമാനിച്ചതേയുള്ളു. ഇന്ന് അദ്ദേഹം എത്രകണ്ടുയർന്നിരിക്കുന്നു എന്നതു് ‘കലാകൗമുദി’യിൽ നിന്നു ഗ്രഹിക്കാം. രാമചന്ദ്രന്റെ യയാതി എന്ന ചിത്രകലാ കാവ്യം നിരുപമമാണെന്ന് വി. രാധാകൃഷ്ണൻ എഴുതുന്നു. ആയിരിക്കും. കലാനുഭവത്തിന്റെ ആഹ്ലാദാതിരേകത്തിൽ നിന്നേ ഇത്തരം വാക്കുകൾ ഉണ്ടാവൂ. ചിത്രകാരനായ എ. രാമചന്ദ്രനെയും ലേഖകനായ വി. രാധാകൃഷ്ണനെയും ഞാൻ സാദരം അഭിനന്ദിക്കുന്നു. മദ്ധ്യാഹ്നമാണിപ്പോൾ. സൂര്യന് എന്നോടെന്തിന് ഈ കോപം. എങ്കിലും ആ ഗോളത്തിന് എന്തൊരു ഔജ്ജ്വല്യം. ആ ഔജ്ജ്വല്യത്തിനു മുൻപിൽ ആ കോപത്തെ ഞാൻ മറക്കുന്നു.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.